# മൈക്രോഫിനാൻസ് പൾസ്

ലക്കം IX - ജൂലായ് 2021



# അനലിറ്റിക്കൽ കോൺടാക്റ്റ്സ്

**ഇക്വിഫാക്സ്**

കിരൺ സമുദ്രല
വിപി-അനലിറ്റിക്സ്
kiran.samudrala@equifax.com

ശ്രുതിജോഷി
എവിപി- അനലിറ്റിക്സ്
shruti.joshi@equifax.com

വന്ദന പാഞ്ചാൽ
സീനി.എക്സ്- അനലിറ്റിക്സ്
vandana.panchal@equifax.com

**സിഡ്ബി**

കൈലാശ് ചന്ദർ ഭാനൂ
സിജിഎം– സിഎസ്&ആർവി-ഇആർഡിഎ
erdav@sidbi.in

രംഗദാസ്പ്രഭാവതി
ഡിജിഎം- സിഎസ്&ആർവി-ഇആർഡിഎ
erdav@sidbi.in

രമേശ് കുമാർ
എഎം - സിഎസ്&ആർവി-ഇആർഡിഎ
rameshk@sidbi.in

# വിഷയവിവരം


- എക്സിക്യൂട്ടീവ് സമ്മറി 04
- ചുരുക്കാക്ഷരങ്ങളും പദാവലിയും 05
- മൈക്രോഫിനാൻസ് വ്യവസായം – ഒരു അവലോകനം 06
- വായ്പാവിതരണത്തിലെ പ്രവണതകൾ 09
- വ്യവസായത്തിന്റെ റിസ്ക് പ്രൊഫൈൽ 12
- ഭൂമിശാസ്ത്രപരമായ വ്യാപ്തി 14
- സംസ്ഥാനത്തിന്റെ സമഗ്ര രേഖാചിത്രം:കർണ്ണാടകം 17
- വികസനം കാംക്ഷിക്കുന്ന ജില്ലകൾ 22
- കോവിഡ് -19ഉം ഭൗഗോളിക പ്രവണതകളും 24

# എക്സിക്യൂട്ടീവ് സമ്മറി

പ്രത്യേകിച്ച് കുറഞ്ഞ വരുമാനക്കാരായ സമൂഹങ്ങളിൽ, വിതരണ ശൃംഖലയിലും, ബിസിനസ്സ് നടത്തിപ്പിലും സൃഷ്ടിച്ച തടസ്സങ്ങൾ വഴി കോവിഡ്-19 മൈക്രോഫിനാൻസ് മേഖലയെ വളരെയധികം പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മാർച്ച് '21 പ്രകാരം സമർപ്പിക്കപ്പെട്ട ഡാറ്റയുടെ അടിസ്ഥാനത്തിൽ മൈക്രോഫിനാൻസ് പൾസിന്റെ ഒമ്പതാമത് ലക്കം മൈക്രോഫിനാൻസ് മേഖലയിലെ പ്രവണതകളും പുരോഗതിയും ചർച്ച ചെയ്യുകയാണ്.

2021 31 മാർച്ച് പ്രകാരം മൈക്രോഫിനാൻസ് വ്യവസായത്തിലെ മൊത്തം വായ്പകൾ ₹249,277 കോടിയാണ്. ഇതിൽ നിലവിലുള്ള വായ്പാത്തുകകളുടെ 75%ലേറെ ബാങ്കുകളുടേയും എൻബിഎഫ്സി-എംഎഫ്ഐകളുടേയും സംഭാവനയാണ്. മൈക്രോഫിനാൻസ് വ്യവസായത്തിൽ, മാർച്ച് 2020 മുതൽ മാർച്ച് 2021 വരെയുള്ള കാലയളവിൽ, നിലവിലുള്ള വായ്പാത്തുകകളുടെ കാര്യത്തിൽ 18% വർഷാനുവർഷ വളർച്ചയുണ്ടായിട്ടുണ്ട്. ഇത്, ഈ വ്യവസായത്തിന്റെ പ്രതിരോധശേഷിയുടേയും കോവിഡ്-19നു മുമ്പുള്ള സ്ഥിതി വീണ്ടെടുക്കന്നതിന്റേയും തിരിച്ചെത്തുന്നതിന്റേയും സൂചനയാണ്. വായ്പാദാതാക്കളുടെ ക്യാറ്റഗറികളിൽ വെച്ച് മാർക്കറ്റ് ഷെയറിൽ സ്ഥിരമായി വർദ്ധനയോടെ ബാങ്കുകൾ 36%ന്റെ ഏറ്റവും ഉയർന്ന വർഷാനുവർഷ വളർച്ച രേഖപ്പെടുത്തിയിരിക്കുന്നു.

ജെഎഫ്എം '21ൽ മൈക്രോഫിനാൻസ് വ്യവസായം ₹93,100 കോടി വായ്പയായി വിതരണം ചെയ്തു. ജെഎഫ്എം '20 മുതൽ ജെഎഫ്എം '21 വരെയുള്ള കാലയളവിൽ, വായ്പാ വിതരണത്തിന്റെ തോത് അനുസരിച്ച് 17%വും മൂല്യം അനുസരിച്ച് 26%വും വർഷാനുവർഷ വളർച്ചയുണ്ടായി. എല്ലാ പാദങ്ങളിലും വായ്പാ വിതരണത്തിൽ ബാങ്കുകൾ ഏറ്റവും ഉയർന്ന പങ്ക് വഹിച്ചു. ഒഎൻഡി '20 അപേക്ഷിച്ച് ജെഎഫ്എം '21ൽ വിതരണം ചെയ്ത വായ്പകളുടെ എണ്ണത്തിലും അഖിലേന്ത്യാ ശരാശരി വായ്പാത്തുകയിലും 19% വർദ്ധനയുണ്ടായി.

വായ്പകൾ തിരിച്ചുപിടിക്കുന്ന കാര്യത്തിൽ സ്ഥിതി മെച്ചപ്പെട്ടതു കാരണം സക്രിയമായ വായ്പാ തിരിച്ചടവ്, വീഴ്ചാ ബക്കറ്റുകളിൽ ഡിസംബർ 2020 അപേക്ഷിച്ച് മാർച്ച് 2021ൽ മികവ് രേഖപ്പെടുത്തി.

ഈ വ്യവസായത്തിന്റെ വളർച്ചയായ 18% അപേക്ഷിച്ച് 25%നേക്കാളും ഉയർന്ന പിഒഎസിന്റെ വർഷാനുവർഷ വളർച്ചയുമായി പശ്ചിമ ബംഗാൾ മുന്നിലാണ്. മാർച്ച് '20ൽ അഞ്ചാം സ്ഥാനത്തുണ്ടായിരുന്ന കർണ്ണാടകം മാർച്ച്'21ൽ ആറാം സ്ഥാനത്തേക്ക് നീങ്ങിയിരിക്കുന്നു. കർണ്ണാടകം ഒഴിച്ച് എല്ലാ മുൻനിര സംസ്ഥാനങ്ങളിലും മാർച്ച് 2020 അപേക്ഷിച്ച് 90+ വീഴ്ച വർദ്ധിച്ചിട്ടുണ്ട്.

എംഎഫ്ഐയിൽ മുൻനിരയിൽ നിൽക്കുന്ന ഒരു സംസ്ഥാനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ തുടർച്ചയായി ഈ ലക്കത്തിൽ ഞങ്ങൾ കർണ്ണാടക സംസ്ഥാനത്തിന്റെ സമഗ്രമായ രേഖാചിത്രം അവതരിപ്പിക്കുന്നു. 31 മാർച്ച് 2021 പ്രകാരം, കർണ്ണാടക സംസ്ഥാനത്തെ ഈ സംവിഭാഗത്തിലെ മൊത്തം വായ്പാത്തുക 20,330 കോടിയായിരുന്നു. മാർച്ച് 2020ൽ നിന്ന് ഇത് മാർച്ച് 2021ൽ 16% വർഷാനുവർഷ വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. പുതിയ വായ്പക്കുള്ള അപേക്ഷകളുടെ എണ്ണത്തിൽ ജെഎഫ്എം '20 അപേക്ഷിച്ച് ജെഎഫ്എം '21ൽ 12% വർഷാനുവർഷ വളർച്ചയുണ്ടായി. കർണ്ണാടകയിലെ സമഗ്ര 90+വീഴ്ച മാർച്ച് 2020ലെ 2.41%ൽ നിന്ന് മാർച്ച് 2021ൽ 1.73% ആയി കുറഞ്ഞു.

കോവിഡ് പ്രതിസന്ധിയും വടക്ക്, തെക്ക് കിഴക്ക്, പടിഞ്ഞാറുള്ള വിവിധ മേഖലകളിൽ അതുളവാക്കിയ പ്രത്യാഘാതങ്ങളും ഈ ലക്കത്തിൽ ചർച്ച ചെയ്യുന്നുണ്ട്. വിതരണം ചെയ്ത മൊത്തം വായ്പാത്തുകയുടെ 45%വുമായി പൂർവ മേഖലയുടെ പങ്ക് ഏറ്റവും ഉയർന്നതാണ്. ബാങ്കുകൾ വിതരണം ചെയ്ത തുകകളുടെ മാർക്കറ്റ് ഷെയർ മാർച്ച് 2021 അപേക്ഷിച്ച് എല്ലാ മേഖലകളിലും വർദ്ധിച്ചിട്ടുണ്ട്. ദക്ഷിണ മേഖലയാണ്, ജെഎഫ്എം '20 അപേക്ഷിച്ച് ജെഎഫ്എം '21ൽ ഏറ്റവും ഉയർന്ന വർഷാനുവർഷ എടിഎസ് വളർച്ച നേടിയിട്ടുള്ളത്.

# ചുരുക്കാക്ഷരങ്ങളും പദാവലിയും

- എടിഎസ്  (ആവറേജ് ടിക്കറ്റ് സൈസ്) = വിതരണംചെയ്തതുക/വായ്പകളുടെഎണ്ണം
- ഡിപിഡി= ഡെയ്സ് പാസ്റ്റ് ഡ്യൂ (കാലാവധി കഴിഞ്ഞ് ദിനങ്ങൾ)
- ലൈവ് പിഒഎസ് അഥവാ വായ്പാധാരകർ അഥവാ സജീവ വായ്പകൾ= 0 മുതൽ 179 ഡിപിഡി+ പുതിയഅക്കൌണ്ടുകൾ +കറന്റ്അക്കൌണ്ടുകൾ
- എംഎഫ്ഐ = മൈക്രോ ഫിനാൻസ് സ്ഥാപനം
- പിഒഎസ്= പോർട്ട്ഫോളിയോ ഔട്ട്സ്റ്റാൻറിങ്ങ് (നിലവിലുള്ള മൊത്തം വായ്പാത്തുക)
- യുടി = യൂണിയൻ ടെറിട്ടറി (കേന്ദ്ര ഭരണ പ്രദേശം)
- വികസനം കാംക്ഷിക്കുന്ന ജില്ലകൾ - ആരോഗ്യം, പോഷകാഹാരം, വിദ്യാഭ്യാസം, കൃഷി, ജലസ്രോതസ്സുകൾ, സാമ്പത്തിക ഉൾപ്പെടുത്തൽ, കൌശല വികസനം, അടിസ്ഥാന സൌകര്യങ്ങൾ തുടങ്ങിയ സമ്മിശ്ര സൂചകങ്ങളിലൂടെ വെളിപ്പെടുന്ന മാനവ വികസന സൂചകങ്ങൾ മെച്ചപ്പെടുത്താനായി ജനുവരി 2018ൽ നീതി ആയോഗ് തിരഞ്ഞെടുത്ത ജില്ലകൾ (നിലവിൽ എണ്ണം 117)

- 1-179 = 1 മുതൽ 179 ഡിപിഡി/ലൈവ്പിഒഎസ്
- 1-29 = 1 മുതൽ 29 ഡിപിഡി/ലൈവ്പിഒഎസ്
- 30-59=30 മുതൽ 59 ഡിപിഡി/ലൈവ്പിഒഎസ്
- 60-89=60 മുതൽ 89 ഡിപിഡി/ലൈവ്പിഒഎസ്
- 90-179 = 90 മുതൽ 179 ഡിപിഡി/ലൈവ്പിഒഎസ്
- 30+ വീഴ്ച= 30-179 ഡിപിഡി/ലൈവ്പിഒഎസ്
- 90+ വീഴ്ച = 90-179ഡിപിഡി/ലൈവ്പിഒഎസ്


- ജെഎഫ്എം'20 =ജനുവരി 2020 മുതൽ മാർച്ച് 2020 വരെ
- എഎംജെ'20 =ഏപ്രിൽ 2020 മുതൽ ജൂൺ 2020വരെ
- ജെഎഎസ്'20 =ജൂലായ് 2020 മുതൽ സെപ്റ്റംബർ 2020 വരെ
- ഒഎൻഡി'20 =ഒക്ടോബർ 2020 മുതൽ ഡിസംബർ 2020വരെ
- ജെഎഫ്എം'21 =ജനുവരി 2021 മുതൽ മാർച്ച് 2021 വരെ

# മൈക്രോഫിനാൻസ് വ്യവസായം - ഒരു അവലോകനം



# മൈക്രോഫിനാൻസ് വ്യവസായം ഒറ്റ നോട്ടത്തിൽ

## 31 മാർച്ച് 2021 പ്രകാരം





| ഒറ്റനോട്ടത്തിൽ 31 ഡിസംബർ 2020 | ബാങ്കുകൾ | എസ്എഫ്ബി | എൻബിഎഫ്സി - എംഎഫ്ഐ | എൻബിഎഫ്സി | ലാഭത്തിനു വേണ്ടിയല്ലാത്ത എൻബിഎഫ്സി | വ്യവസായം മൊത്തം |
|---|---|---|---|---|---|---|
| അതുല്യരായ സജീവ വായ്പാധാരകർ_('000) | 27,359 | 13,531 | 24,700 | 7,297 | 846 | 73,733 |
| സജീവ വായ്പകൾ_('000) | 41,529 | 16,779 | 36,368 | 7,866 | 1,108 | 103,650 |
| വായ്പാ സംവിഭാഗം(₹കോടി ) | 109,867 | 38,903 | 79,420 | 18,992 | 2,095 | 249,277 |
| വിതരണം ചെയ്ത തുക(₹കോടി) – ജെഎഫ്എം' 21 | 48,665 | 11,603 | 27,395 | 4,671 | 766 | 93,100 |
| ശരാശരി വായ്പാത്തുക (₹) - JFM' 21 | 43,417 | 36,993 | 35,223 | 41,256 | 32,037 | 39,627 |
| 30+ വീഴ്ച (പിഒഎസ്) | 10.63% | 8.06% | 7.15% | 10.56% | 1.72% | 9.04% |
| 90+ വീഴ്ച (പിഒഎസ്) | 4.81% | 3.51% | 3.33% | 5.06% | 0.95% | 4.12% |

- മൈക്രോഫിനാൻസ് വ്യവസായത്തിന്റെ നിലവിലുള്ള വായ്പാ സംവിഭാഗം മാർച്ച് 21ൽ ₹249,277 കോടിയായിരുന്നു.
- ഇതിൽ നിലവിലുള്ള വായ്പാത്തുകയുടെ 75%ലേറെ ബാങ്കുകളുടേയും എൻബിഎഫ്സികളുടേയും സംഭാവനയാണ്.
- ജെഎഫ്എം '21ൽ വിതരണം ചെയ്ത വായ്പാത്തുക ₹93,100 കോടിയായിരുന്നു. ഇതിൽ 52% ബാങ്കുകളുടേയും 29% എൻബിഎഫ്സി-എംഎഫ്ഐകളുടേയും സംഭാവനയാണ്.
- എൻബിഎഫ്സി-എംഎഫ്ഐകളുടേയും, എസ്എഫ്ബികളുടെയും,ലാഭത്തിനുവേണ്ടിയല്ലാത്തഎംഎഫ്ഐകളുടേയും 30+, 90+ വീഴ്ച ഈ വ്യവസായത്തിലെ മൊത്തം വീഴ്ചയേക്കാൾ കുറവാണ്.

**കുറിപ്പ്:**എംഎഫ്ഐ സംവിഭാഗത്തിൽ ~ 6 കോടി അതുല്യരായ സജീവ വായ്പാധാരകരുണ്ട്. എസ്എഫ്ബികൾ, എൻബിഎഫ്സി-എംഎഫ്ഐകൾ, എൻബിഎഫ്സികൾ, ലാഭത്തിനുവേണ്ടിയല്ലാത്ത എംഎഫ്ഐകൾ എന്നിവയുമായി ഒന്നിലധികം ബന്ധങ്ങളുള്ള ഇടപാടുകാർ കാരണമാണ് അതുല്യരായ സജീവ വായ്പാധാരകരുടെ എണ്ണത്തിൽ വ്യത്യാസം ഉണ്ടായത്.

# മൈക്രോഫിനാൻസ് വ്യവസായം - ഒരു വിഹഗവീക്ഷണം

**വായ്പാദാതാക്കളുടെ തരം അനുസരിച്ച് മാർക്കറ്റ് ഷെയർ പ്രവണത**




| വിവരണം | മാർച്ച് ' 20 | ജൂൺ' 20 | സെപ്. ' 20 | ഡിസം' 20 | മാർച്ച് ' 20 |
|---|---|---|---|---|---|
| ബാങ്കുകൾ | 81,001 | 91,920 | 93,409 | 96,683 | 109,867 |
| എസ്എഫ്ബി | 38,986 | 39,225 | 42,682 | 38,109 | 38,903 |
| എൻബിഎഫ്സി-എംഎഫ്ഐ | 72,110 | 71,342 | 70,142 | 73,166 | 79,420 |
| എൻബിഎഫ്സി | 18,073 | 19,875 | 19,838 | 18,988 | 18,992 |
| ലാഭത്തിനുവേണ്ടിയല്ലാത്ത എംഎഫ്ഐ | 1,679 | 1,842 | 1,772 | 1,872 | 2,095 |
| മൊത്തം വ്യവസായം | 211,849 | 224,204 | 227,843 | 228,818 | 249,277 |
| പാദാനുപാദ വളർച്ചാ നിരക്ക് % | - | 6% | 2% | 0% | 9% |

- മൈക്രോഫിനാൻസ് വ്യവസായം കോവിഡിനു മുമ്പുള്ള സ്ഥിതിയിലേക്ക് തിരിച്ചെത്തുകയാണ്. ഈ വ്യവസായം ഡിസംബർ 2020 മുതൽ മാർച്ച് 2021 വരെയുള്ള കാലയളവിൽ 9%വും മാർച്ച് 2020 മുതൽ മാർച്ച് 2021 വരെയുള്ള കാലയളവിൽ 18%വും വർഷാനുവർഷ വളർച്ച രേഖപ്പെടുത്തി.
- എല്ലാ വായ്പാദാതാക്കളിലും വെച്ച് ബാങ്കുകൾ, മാർക്കറ്റ് ഷെയറിൽ സുസ്ഥിര വർദ്ധനയോടെ ഏറ്റവും കൂടിയ 36% വർഷാനുവർഷ വളർച്ച രേഖപ്പെടുത്തി.
- മാർച്ച് 2020 മുതൽ മാർച്ച് 2021 വരെയുള്ള കാലയളവിൽ എൻബിഎഫ്സി-എംഎഫ്ഐകളുടേയും, എസ്എഫ്ബികളുടേയും മാർക്കറ്റ് ഷെയറിൽ ഏകദേശം 2% ഇടിവുണ്ടായി.


# വായ്പാ വിതരണത്തിലെ പ്രവണതകൾ




Powering the World with knowledge ™

# വായ്പാ വിതരണത്തിലെ പ്രവണതകൾ - സ്ഥാപനം അനുസരിച്ച്

## വായ്പാദാതാക്കളുടെ തരം അനുസരിച്ച് മാർക്കറ്റ് ഷെയർ പ്രവണത





### വിതരണം ചെയ്ത വായ്പകളുടെ എണ്ണം (ലക്ഷത്തിൽ)

| വായ്പാദാതാവിന്റെ തരം | ജെഎഫ്എം‘ 20 | എഎംജെ‘ 20 | ജെഎഎസ്‘ 20 | ഒഎൻഡി' 20 | ജെഎഫ്എം’ 21 |
|---|---|---|---|---|---|
| ബാങ്കുകൾ | 83 | 14 | 47 | 102 | 112 |
| എസ്എഫ്ബി | 31 | 5 | 12 | 20 | 31 |
| എൻബിഎഫ്സി- എംഎഫ്ഐ | 73 | 2 | 33 | 65 | 78 |
| എൻബിഎഫ്സി | 11 | 1 | 5 | 8 | 11 |
| ലാഭത്തിനു വേണ്ടിയല്ലാത്ത എംഎഫ്ഐ | 3 | 1 | 2 | 2 | 3 |
| വ്യവസായം മൊത്തം | 201 | 23 | 99 | 197 | 235 |

- ജെ എഫ്എം ‘21ൽ വായ്പാ വിതരണം, ജെഎഫ്എം ’20 അപേക്ഷിച്ച് 26% വർഷാനുവർഷ വളർച്ചയോടെ ₹93,100 കോടിയായിരുന്നു.
- എല്ലാ പാദങ്ങളിലും വെച്ച് വായ്പാ വിതരണത്തിൽ ഏറ്റവും ഉയർന്ന സംഭാവന ബാങ്കുകളുടേതാണ്.
- പുതിയ വായ്പകൾക്കുള്ള അപേക്ഷകളിൽ ജെഎഫ്എം ’20 അപേക്ഷിച്ച് ജെ എഫ്എം ‘21ൽ 17% വർദ്ധനയുണ്ടായി. ബാങ്കുകൾ വിതരണം ചെയ്ത വായ്പകളുടെ എണ്ണത്തിൽ ജെഎഫ്എം ’20 അപേക്ഷിച്ച് ജെ എഫ്എം ‘21ൽ 35% വർദ്ധനയുണ്ടായി.

# വായ്പാത്തുകയുടെ വലിപ്പം അനുസരിച്ച് വ്യവസായത്തിലെ പ്രവണതകൾ




വിതരണം ചെയ്ത വായ്പകളുടെ എണ്ണം (ലക്ഷത്തിൽ)

| വായ്പാത്തുകയുടെ വലിപ്പം | ജെഎഫ്എം‘ 20 | എഎംജെ ‘ 20 | ജെഎഎസ് ' 20 | ഒഎൻഡി ' 20 | ജെഎഫ്എം ‘21 | വർഷാനുവർഷ വളർച്ചാ നിരക്ക് % |
|---|---|---|---|---|---|---|
| 0കെ-10കെ | 9 | 2 | 4 | 34 | 19 | 111% |
| 10കെ -20കെ | 12 | 10 | 16 | 20 | 19 | 58% |
| 20കെ -30കെ | 46 | 2 | 18 | 33 | 39 | -15% |
| 30കെ -40കെ | 63 | 3 | 24 | 44 | 59 | -6% |
| 40കെ -50കെ | 33 | 2 | 18 | 29 | 38 | 15% |
| 50കെ -60കെ | 19 | 2 | 10 | 18 | 28 | 47% |
| 60കെക്ക് മുകളിൽ | 19 | 2 | 9 | 19 | 33 | 74% |
| മൊത്തം | 201 | 23 | 99 | 197 | 235 | 17% |
| പാദാനുപാദ വായ്പാ വിതരണ വളർച്ചാ നിരക്ക് % | - | -89% | 330% | 99% | 19% | - |
| അഖിലേന്ത്യാ എടിഎസ് (₹) | 36,723 | 28,577 | 35,519 | 33,190 | 39,627 | - |
| പാദാനുപാദ എടിഎസ് വളർച്ചാ നിരക്ക് % | - | -22% | 24% | -7% | 19% | - |

- ജെഎഫ്എം ‘21ൽ 20കെ മുതൽ 40കെ വരെയുള്ള 98 ലക്ഷം വായ്പകൾ വിതരണം ചെയ്തിട്ടുണ്ട്. ഇത്, വിതരണം ചെയ്ത മൊത്തം വായ്പകളുടെ 42% ആണ്.
- 0കെ-10കെ വലിപ്പമുള്ള വായ്പാത്തുകയുടെ ഇനത്തിൽ 111%ന്റെ ഏറ്റവും ഉയർന്ന വർഷാനുവർഷ വളർച്ച രേഖപ്പെടുത്തി
- ഒഎൻഡി ’20 മുതൽ ജെഎഫ്എം ’21 വരെയുള്ള കാലയളവിൽ വായ്പാ വിതരണത്തിലും അഖിലേന്ത്യാ ശരാശരി വായ്പാത്തുകയിലും 19% വളർച്ചയുണ്ടായി.

# വ്യവസായത്തിന്റെ റിസ്ക് പ്രൊഫൈൽ





Powering the World with knowledge ™

EQUIFAX

# വായ്പാ തിരിച്ചടവിലെ വീഴ്ചകളുടെ പ്രവണതകൾ

ഡെയ്സ് പാസ്റ്റ് ഡ്യൂ പ്രകാരം വീഴ്ചകൾ




ഡെയ്സ് പാസ്റ്റ്ഡ്യൂ പ്രകാരം വീഴ്ചകൾ

| റിപ്പോർട്ടിംഗ് ക്വാർട്ടർ | 1-29 ഡെയ്സ് പാസ്റ്റ് ഡ്യൂ | 30-59 ഡെയ്സ് പാസ്റ്റ് ഡ്യൂ | 60-89 ഡെയ്സ് പാസ്റ്റ് ഡ്യൂ | 90-179 ഡെയ്സ് പാസ്റ്റ് ഡ്യൂ | 1-179 ഡെയ്സ് പാസ്റ്റ് ഡ്യൂ |
|---|---|---|---|---|---|
| മാർച്ച് '20 | 2.06% | 0.50% | 0.42% | 0.86% | 3.84% |
| ജൂൺ' 20 | 1.30% | 1.03% | 0.43% | 0.43% | 3.20% |
| സെപ്റ്റ.' 20 | 15.35% | 3.47% | 0.39% | 0.63% | 19.83% |
| ഡിസം' 20 | 7.50% | 4.73% | 3.49% | 4.96% | 20.68% |
| മാർച്ച് 21 | 4.55% | 2.90% | 2.01% | 4.12% | 13.59% |

- 1-179 ഡിസംബർ 1-179 ഡെയ്സ് പാസ്റ്റ് ഡ്യൂ വീഴ്ചകൾ ഡിസംബർ 2020ലെ 20.68%ൽ നിന്നും മാർച്ച് 2021ൽ 13.59% ആയി കുറഞ്ഞു.
- 1-29 ഡെയ്സ് പാസ്റ്റ് ഡ്യൂ വീഴ്ചകളുടെ ബക്കറ്റിൽ ഡിസംബർ 2020 അപേക്ഷിച്ച് 3% കുറവുണ്ടായി.
- 60-89 ഡെയ്സ് പാസ്റ്റ് ഡ്യൂ വീഴ്ചകളുടെ ബക്കറ്റിൽ മാർച്ച് 2021ൽ ഏറ്റവും കുറഞ്ഞ വീഴ്ച രേഖപ്പെടുത്തി.

**കുറിപ്പ്:** പോർട്ട്ഫോളിയോ ഔട്ട്സ്റ്റാൻഡിങ്ങിന്റെ അടിസ്ഥാനത്തിലാണ് വീഴ്ചകൾ കണക്കാക്കുന്നത് .

# ഭൂമിശാസ്ത്രപരമായ വ്യാപ്തി



# 10 മുൻനിര സംസ്ഥാനങ്ങളുടെ പോർട്ട്ഫോളിയോ പ്രവണതകൾ


| 10 മുൻനിര സംസ്ഥാനങ്ങൾ | മാർച്ച് '20 നിലവിലുള്ള വായ്പാത്തുക (₹ കോടി) | റാങ്ക് | മാർച്ച് '21 നിലവിലുള്ള വായ്പാത്തുക ₹ കോടി) | റാങ്ക് | വർഷാനുവർഷ വളർച്ച % |
|---|---|---|---|---|---|
| പശ്ചിമ ബംഗാൾ | 29,858 | 1 | 37,201 | 1 | 25% |
| തമിഴ് നാട് | 27,077 | 2 | 31,248 | 2 | 15% |
| ബിഹാർ | 25,427 | 3 | 28,997 | 3 | 14% |
| കർണ്ണാടക | 17,594 | 4 | 20,330 | 4 | 16% |
| മഹാരാഷ്ട്ര | 15,352 | 5 | 17,224 | 6 | 12% |
| ഉത്തർ പ്രദേശ് | 14,478 | 6 | 18,011 | 5 | 24% |
| ഒഡിഷ | 12,489 | 7 | 14,178 | 8 | 14% |
| മധ്യ പ്രദേശ് | 12,354 | 8 | 15,006 | 7 | 21% |
| ആസാം | 11,025 | 9 | 10,498 | 10 | -5% |
| രാജസ്ഥാൻ | 8,590 | 10 | 11,085 | 9 | 29% |
| 10 മുൻനിര സംസ്ഥാനങ്ങൾ | 174,244 | - | 203,778 | - | 17% |
| മറ്റുള്ളവ | 37,605 | - | 45,499 | - | 21% |
| വ്യവസായം | 211,849 | - | 249,277 | - | 18% |

- മാർച്ച് 2020ലും മാർച്ച് 2021ലും നിലവിലുള്ള വായ്പാത്തുകയുടെ 89%വും 10 മുൻനിര സംസ്ഥാനങ്ങളുടേതാണ്.
- 25% വർഷാനുവർഷ വളർച്ചയോടെ പശ്ചിമ ബംഗാൾ നിലവിലുള്ള വായ്പാത്തുകയുടെ കാര്യത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നു.
- ഇത് ഈ വ്യവസായത്തിന്റെ 18% വളർച്ചയേക്കാൾ ഉയർന്നതാണ്.

മാർച്ച് 2020ൽ അഞ്ചാം സ്ഥാനത്തുണ്ടായിരുന്ന മഹാരാഷ്ട്ര മാർച്ച് 2021ൽ ആറാം സ്ഥാനത്തെത്തി.

പോർട്ട്ഫോളിയോ ഔട്ട്സ്റ്റാൻഡിങ്ങിന്റെ അടിസ്ഥാനത്തിലാണ് റാങ്കുകൾ നൽകിയിരിക്കുന്നത്.

# 10 മുൻനിര സംസ്ഥാനങ്ങൾ 90+വീഴ്ചകളുടെ പ്രവണതകൾ




- മാർച്ച് 2021 പ്രകാരം ആസാം, പശ്ചിമ ബംഗാൾ, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ 90+വീഴ്ചകൾ മൊത്തം വ്യവസായത്തിലെ വീഴ്ചകളേക്കാൾ കൂടുതലാണ്.

കർണ്ണാടക ഒഴിച്ച് എല്ലാ മുൻനിര സംസ്ഥാനങ്ങളിലും മാർച്ച് 2020 അപേക്ഷിച്ച് 90+വീഴ്ചകൾ കൂടിയിട്ടുണ്ട്

**കുറിപ്പ് :** * മാർച്ച് 2020 ലെ പോർട്ട്ഫോളിയോ ഔട്ട്സ്റ്റാൻഡിങ്ങിന്റെ അടിസ്ഥാനത്തിലാണ് 10 മുൻനിര സംസ്ഥാനങ്ങൾ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്.


പോർട്ട്ഫോളിയോ ഔട്ട്സ്റ്റാൻഡിങ്ങിന്റെ അടിസ്ഥാനത്തിലാണ് വീഴ്ചകൾ കണക്കാക്കിയിരിക്കുന്നത്

# സംസ്ഥാനത്തിന്റെ സമഗ്ര രേഖാചിത്രം - കർണ്ണാടക



# കർണ്ണാടക സംസ്ഥാനം ഒറ്റ നോട്ടത്തിൽ

സക്രിയ വായ്പകൾ ('000) | പോർട്ട്ഫോളിയോ (₹ കോടി) | വിതരണം ചെയ്ത തുക (₹കോടി)-ജെഎഫ്എം' 21




| കർണ്ണാടക<br>ഒറ്റനോട്ടത്തിൽ 31 ഡിസംബർ 2020 | ബാങ്കുകൾ | എസ്എഫ്ബി | എൻബിഎഫ്സി - എംഎഫ്ഐ | എൻബിഎഫ്സി | ലാഭത്തിനു വേണ്ടിയല്ലാത്ത എൻബിഎഫ്സി | മൊത്തം വ്യവസായം |
|---|---|---|---|---|---|---|
| സക്രിയ വായ്പകൾ ('000) | 2,612 | 1,351 | 3,844 | 868 | 1 | 8,676 |
| നിലവിലുള്ള വായ്പാത്തുക (₹കോടി) | 5,455 | 3,059 | 9,734 | 2,078 | 4 | 20,330 |
| നിലവിലുള്ള വായ്പാത്തുകയുടെ മാർക്കറ്റ് ഷെയർ | 27% | 15% | 48% | 10% | 0% | - |
| വിതരണം ചെയ്ത തുക (₹കോടി)-ജെഎഫ്എം' 21 | 2,532 | 914 | 3,584 | 524 | 1 | 7,555 |
| ശരാശരി വായ്പാത്തുക (₹കോടി)-ജെഎഫ്എം' 21 | 33,933 | 37,389 | 38,315 | 41,603 | 44,856 | 36,814 |
| 30+ വീഴ്ച (പിഒഎസ്) | 3.48% | 5.71% | 3.02% | 6.29% | 1.77% | 3.88% |
| 90+ വീഴ്ച (പിഒഎസ്) | 0.87% | 2.71% | 1.72% | 2.62% | 0.49% | 1.73% |

- 31 മാർച്ച് 2021 പ്രകാരം കർണ്ണാടകയുടെ നിലവിലുള്ള വായ്പാത്തുക `20,330 കോടിയാണ്.
- നിലവിലുള്ള വായ്പാത്തുകയിൽ 48%ത്തോടെ എൻബിഎഫ്സി-എംഎഫ്ഐകളുടെ മാർക്കറ്റ ഷെയർ ഏറ്റവും ഉയർന്നതാണ്.
- ജെഎഫ്എം' 21ൽ കർണ്ണാടക `7555 കോടിയുടെ വായ്പ വിതരണം ചെയ്തിട്ടുണ്ട്.
- എൻബിഎഫ്സി,എൻബിഎഫ്സി–എംഎഫ്ഐ,എസ്എഫ്ബി,ലാഭത്തിനു വേണ്ടിയല്ലാത്ത എംഎഫ്ഐ എന്നിവയുടെ ശരാശരി വായ്പാത്തുക കർണ്ണാടകയുടെ ശരാശരി വായ്പാത്തുകയേക്കാൾ ഉയർന്നതാണ്.
- കർണ്ണാടകയിൽ ബാങ്കുകളുടേയും ലാഭത്തിനു വേണ്ടിയല്ലാത്ത എംഎഫ്ഐകളുടേയും 90+വീഴ്ച 1% ലും കുറവാണ്.


# കർണ്ണാടക - വായ്പാ വിതരണത്തിലെ പ്രവണതകൾ

വിതരണം ചെയ്ത വായ്പകളുടെ എണ്ണം ('000ൽ)

| വായ്പാത്തുക | ജെഎഫ്എം' 20 | എഎംജെ ' 20 | ജെഎഎസ് ' 20 | ഒഎൻഡി' 20 | ജെഎഫ്എം' 21 |
|---|---|---|---|---|---|
| 0കെ-10കെ | 253 | 21 | 94 | 232 | 185 |
| 10കെ -20കെ | 231 | 94 | 188 | 159 | 193 |
| 20കെ -30കെ | 375 | 10 | 137 | 267 | 347 |
| 30കെ - 40കെ | 480 | 16 | 200 | 398 | 496 |
| 40കെ -50കെ | 272 | 9 | 152 | 242 | 326 |
| 50കെ -60കെ | 135 | 6 | 82 | 173 | 226 |
| 60കെയ്ക്ക് മുകളിൽ | 83 | 4 | 98 | 236 | 278 |
| മൊത്തം | 1,829 | 160 | 951 | 1,707 | 2,051 |

- കർണ്ണാടകയിൽ പുതിയ വായ്പാ അപേക്ഷകളിൽ ജെഎഫ്എം '20 അപേക്ഷിച്ച് ജെഎഫ്എം '21ൽ 12% വർഷാനുവർഷ വളർച്ചയുണ്ടായി.
- എഎംജെ'20 ഒഴിച്ച്, എല്ലാ പാദങ്ങളിലും നൽകിയ വായ്പകളിൽ ഏറ്റവും കൂടുതൽ 30കെ - 40കെ വലിപ്പമുള്ള തുകകളാണ്.


# കർണ്ണാടക - പോർട്ട്ഫോളിയോ പ്രവണതകൾ




- മാർച്ച് 2020 പ്രകാരം കർണ്ണാടകയുടെ നിലവിലെ വായ്പാത്തുകയിൽ മാർച്ച് 2021ൽ 16% വർദ്ധനയുണ്ടായി.
- നിലവിലെ വായ്പാത്തുകയിൽ എല്ലാ പാദങ്ങളിലും വെച്ച് ഏറ്റവും ഉയർന്ന മാർക്കറ്റ് ഷെയർ എൻബിഎഫ്സി- എംഎഫ്ഐ
- കളുടേതാണ്. തുടർന്ന് വരുന്നത് ബാങ്കുകളാണ്.

ബാങ്കുകളുടെ മാർക്കറ്റ് ഷെയർ വർദ്ധിക്കുകയാണ്. മാർച്ച് 2020ലെ 20%ൽ നിന്ന് ഇത് മാർച്ച് 2021ൽ 27% ആയി ഉയർന്നു.

# കർണ്ണാടക – തിരിച്ചടവ് വീഴ്ചകളുടെ പ്രവണതകൾ




- കർണ്ണാടകയുടെ സമഗ്രമായ 90+ വീഴ്ച മാർച്ച് 2020 അപേക്ഷിച്ച് മാർച്ച് 2021ൽ മെച്ചപ്പെട്ടിട്ടുണ്ട്. മാർച്ച് 2020ൽ 2.41% ആയിരുന്ന ഇത് മാർച്ച് 2021ൽ 1.73% ആയി കുറഞ്ഞിട്ടുണ്ട് .
- ബാങ്ക് വായ്പകളുടെ തിരിച്ചടവിലെ 90+ വീഴ്ച മാർച്ച് 2020ൽ 3.41% ആയിരുന്നത് മാർച്ച് 2021ൽ 0.87% ആയി കുറഞ്ഞിട്ടുണ്ട് .

കുറിപ്പ് : * പോർട്ട്ഫോളിയോ ഔട്ട്സ്റ്റാൻഡിങ്ങിന്റെ അടിസ്ഥാനത്തിലാണ് വായ്പാ തിരിച്ചടവിലെ വീഴ്ചകൾ കണക്കാക്കിയിട്ടുള്ളത്.


# വികസനം കാംക്ഷിക്കുന്ന ജില്ലകൾ




# വികസനം കാംക്ഷിക്കുന്ന ജില്ലകൾ

## മാർച്ച് 2021 – വിഹഗവീക്ഷണം

പോർട്ട്ഫോളിയോ (₹കോടി)





വിതരണം ചെയ്ത തുക (₹കോടി) – ഏപ്രിൽ' 20 മുതൽ മാർച്ച്' 21




ബാങ്കുകൾ എസ്എഫ്ബി എൻബിഎഫ്സി-എംഎഫ്ഐ എൻബിഎഫ്സി ലാഭത്തിനു വേണ്ടിയല്ലാത്ത എംഎഫ്ഐ

30+ ഉം 90+ഉം പിഎസ് വീഴ്ച, വായ്പാദാതാക്കളുടെ തരം അനുസരിച്ച്




| വികസനം കാംക്ഷിക്കുന്ന ജില്ലകളുടെ **വളർച്ചാ വിവരങ്ങൾ** | ഡിസംബർ 2017 | മാർച്ച് 2021 | വളർച്ച % |
|---|---|---|---|
| സക്രിയ ഉപഭോക്തൃ വ്യാപനം ('000) | 4,155 | 8,544 | 106% |
| വിതരണം ചയ്ത തുക (₹കോടി) | 14,374 * | 27,397 ** | 91% |
| സക്രിയ വായ്പകൾ ('000) | 6,925 | 13,681 | 98% |
| നിലവിലുള്ള വായ്പാത്തുക (₹കോടി)) | 11,175 | 31,856 | 185% |
| 30+ വീഴ്ച | 1.54% | 7.68% | - |
| 90+ വീഴ്ച | 0.75% | 3.32% | - |

- 31 മാർച്ച് 2021 പ്രകാരം, വികസനം കാംക്ഷിക്കുന്ന ജില്ലകളിൽ നിലവിലുള്ള വായ്പാത്തുക `31,856 കോടിയാണ്. ഇതിന്റെ 43% ബാങ്കുകളുടേതും 35% എൻബിഎഫ്സി-എംഎഫ്ഐകളുടേതുമാണ്.
- 30+ ഉം 90+ ഉം വീഴ്ചകൾ ഏറ്റവും കൂടുതൽ എൻബിഎഫ്സികളിലും തുടർന്ന് ബാങ്കുകളിലുമാണ്.
- ഡിസംബർ 17 മുതൽ മാർച്ച് 2021 വരെ പിഒഎസിൽ 185%വും വിതരണം ചയ്ത തുകകളിൽ 91%വും വർദ്ധനയുണ്ടായി.

കുറിപ്പ് : *വിതരണം ജനുവരി 2017 മുതൽ ഡിസംബർ 2017 വരെ / ** വിതരണം ഏപ്രിൽ 2020 മുതൽ മാർച്ച് 2021 വരെ
പോർട്ട്ഫോളിയോ ഔട്ട്സ്റ്റാൻഡിങ്ങിന്റെ അടിസ്ഥാനത്തിലാണ് വായ്പാ തിരിച്ചടവിലെ വീഴ്ചകൾ കണക്കാക്കിയിട്ടുള്ളത്.


# കോവിഡ് -19ഉം ഭൗഗോളിക പ്രവണതകളും




# മേഖലകൾ അനുസരിച്ചുള്ള മാർക്കറ്റ് ഷെയർ

മൈക്രോഫിനാൻസ് മേഖലയിൽ കോവിഡിന്റെ ആഘാതം വിലയിരുത്താനായി വായ്പാദാതാക്കളുടെ മാർക്കറ്റ് ഷെയറുകളുടേയും വിവിധ മേഖലകളിൽ ശരാശരി വായ്പാത്തുകകളുടെ പ്രവണതകളുടേയും അടിസ്ഥാനത്തിൽ വായ്പാ വിതരണത്തിലെ പ്രവണതകൾ വിശകലനം ചെയ്യുകയുണ്ടായി. വായ്പാദാതാക്കൾ സമർപ്പിച്ച ഡാറ്റയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത മേഖലകൾ നിർവചിച്ചിരിക്കുന്നത്. ജെഎഫ്എം '20യെ കോവിഡ്-പൂർവ കാലഘട്ടമെന്ന് പരിഗണിച്ചുകൊണ്ടാണ് വർഷാനുവർഷ അടിസ്ഥാനത്തിൽ ഡാറ്റ തുലനം ചെയ്തിരിക്കുന്നത്.

**വിതരണം ചെയ്ത തുക, മേഖല പ്രകാരം മാർക്കറ്റ് ഷെയറിന്റെ അടിസ്ഥാനത്തിൽ**





■ കിഴക്ക് ■ പടിഞ്ഞാറ് ■ വടക്ക് ■ തെക്ക്

- വിതരണം ചെയ്ത തുകയിൽ ഏറ്റവും ഉയർന്ന പങ്ക് കിഴക്കൻ മേഖലയുടേതാണ് - വിതരണം ചെയ്ത മൊത്തം തുകയുടെ 45%.
- മേഖലകൾ പ്രകാരമുള്ള മാർക്കറ്റ് ഷെയറിന്റെ സമഗ്ര പ്രവണതകൾ, ഉത്തര മേഖലയിൽ 1% വർദ്ധനയോടും ദക്ഷിണ മേഖലയിൽ 1% ഇടിവോടും കൂടി ജെഎഫ്എം '21ലേതു പോലെ തുടരുന്നു.

**കുറിപ്പ്:** പൂർവ മേഖല – അരുണാചൽ പ്രദേശ്,, ആസാം,ബിഹാർ, ഛത്തീസ്ഗഢ്,ഝാർഖണ്ഡ്, മണിപ്പൂർ, മേഘാലയ, മിസോറം, നാഗാലാന്റ്, ഒഡിഷ, സിക്കിം, ത്രിപുര, പശ്ചിമ ബംഗാൾ
പശ്ചിമ മേഖല - ദാദ്ര-നാഗർ ഹവേലി, ദമൻ-ദിയു, ഗോവ, ഗുജറാത്ത്, മധ്യ പ്രദേശ്, മഹരാഷ്ട്ര, രാജസ്ഥാൻ
വടക്കൻ **മേഖല** – ചണ്ഡീഗഡ്, ദൽഹി, ഹരിയാന, ഹിമാചൽ പ്രദേശ്,, ജമ്മു-കാശ്മീർ, പഞ്ചാബ്, ഉത്തർ പ്രദേശ്, ഉത്തരാഖണ്ഡ്
**ദക്ഷിണ മേഖല**-ആന്തമാൻ-നിക്കോബാർ ദ്വീപുകൾ, ആന്ധ്രാ പ്രദേശ്, കർണ്ണാടക, കേരളം, ലക്ഷദ്വീപ്, പോണ്ടിച്ചേരി, തമിൾനാട്, തെലങ്കാന

# മേഖലകൾ വായ്പാദാതാക്കൾ എന്നിവ അനുസരിച്ച് മാർക്കറ്റ് ഷെയർ


**വിതരണം ചെയ്ത തുക, മേഖലകൾ ,വായ്പാദാതാക്കൾ എന്നിവ അനുസരിച്ച് മാർക്കറ്റ് ഷെയറിന്റെ അടിസ്ഥാനത്തിൽ**




- മാർച്ച് 2020 അപേക്ഷിച്ച് ബാങ്കുകളുടെ മാർക്കറ്റ് ഷെയർ മാർച്ച് 2021ൽ എല്ലാ മേഖലകളിലും വർദ്ധിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ 7% ഉത്തര മേഖലയിലാണ്.
- ബാങ്കുകൾ കൂടാതെ മാർക്കറ്റ് ഷെയർ വർദ്ധന രേഖപ്പെടുത്തിയത് എൻബിഎഫ്സി-എംഎഫ്ഐകൾ മാത്രമാണ്, അതും ദക്ഷിണ മേഖലയിൽ മാത്രം.

# മേഖല അനുസരിച്ച് ശരാശരി വായ്പാ തുകകളിലെ പ്രവണതകൾ

മേഖല തിരിച്ചുള്ള ശരാശരി വായ്പാത്തുകകളുടെ പ്രവണതകൾ




- ജെഎഫ്എം '20 മുതൽ ജെഎഫ്എം '21 വരെയുള്ള കാലയളവിൽ ദക്ഷിണ മേഖല ഏറ്റവും ഉയർന്ന 13% വർഷാനുവർഷ വളർച്ച രേഖപ്പെടുത്തി.
- ജെഎഫ്എം '20 മുതൽ ജെഎഫ്എം '21 വരെയുള്ള കാലയളവിൽ പശ്ചിമ, ദക്ഷിണ മേഖലകളുടെ ശരാശരി വായ്പാത്തുക 9% വർദ്ധിച്ചു.

## സിഡ്ബിയെക്കുറിച്ച്

സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ, 1990ൽ പാർലിമെന്റ് പാസ്സാക്കിയ നിയമം അനുസരിച്ച് സ്ഥാപിതമായതാണ്. അത്യന്തം ചെറുകിട ലഘു, ഇടത്തരം ഉദ്യമങ്ങളെ (എംഎസ്എംഇമേഖല) പരിപോഷിപ്പിക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്നതിനും അവയെ വികസിപ്പിക്കുന്നതിനുമായി മുഖ്യ സാമ്പത്തിക സ്ഥാപനമായി പ്രവർത്തിക്കാനും ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ട വിവിധ സാമ്പത്തിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനുമുള്ള ഉത്തരവാദിത്വം സിഡ്ബിയിൽ നിക്ഷിപ്തമാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി തങ്ങളുടെ സാമ്പത്തിക, വികസന നടപടികളിലൂടെ സിഡ്ബി സമൂഹത്തിന്റെ വിവിധ തുറകളിലെ ജനങ്ങളുടെ ജീവിതങ്ങളെ സ്പർശിക്കുന്നതോടൊപ്പം എംഎസ്എംഇ മേഖലയിലാകെയുള്ള ഉദ്യമങ്ങളെ സ്വാധീനിക്കുകയും എംഎസ്എംഇ പാരിസ്ഥിതിക വ്യവസ്ഥയിലെ ഒരുപാട് സ്ഥാപനങ്ങളുമായി യോജിച്ചു പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

തങ്ങളുടെ വിഷൻ 2.0 പ്രകാരം എംഎസ്എംഇ മേഖലയിൽ വിവരങ്ങളുടെ അസന്തുലനം ശരിപ്പെടുത്താനായി മൈക്രോഫിനാൻസ് പൾസ് കൂടാതെ, എംഎസ്എംഇകളുടെ മനോവികാരങ്ങളേയും അഭിലാഷങ്ങളേയും അടയാളപ്പെടുത്താനായി എംഎസ്എംഇ പൾസ്, എംഎസ്എംഇകളുടെ ഹെൽത്ത് ട്രാക്കർ, ക്രിസിഡെക്സ്, ഈ വ്യവസായത്തിലെ വായ്പാദാതാക്കളെക്കുറിച്ചുള്ള സമഗ്രമായ റിപ്പോർട്ട്, ഫിൻടെക് വായ്പാമേഖലയിൽ ക്രെഡിറ്റ് ഡാറ്റയെക്കുറിച്ച് ഉൾക്കാഴ്ച നൽകുന്ന ഫിൻടെക് പ്ലസ് തുടങ്ങിയവയുടെ പ്രകാശനത്തിൽ സിഡ്ബി മുൻകൈയെടുത്തിട്ടുണ്ട്.

## മൈക്രോഫിനാൻസ് രംഗത്ത് സിഡ്ബി

മൈക്രോഫിനാൻസ് പ്രസ്ഥാനത്തിന് പിന്തുണ നൽകിക്കൊണ്ട് സിഡ്ബി സാമ്പത്തിക ഉൾപ്പെടുത്തലിനെ പോഷിപ്പിക്കാനായി മാർഗ്ഗദർശിയെന്ന നിലയിൽ പ്രവർത്തിക്കുന്നു. മാർച്ച് 2021 പ്രകാരം, 100ലധികം മൈക്രോഫിനാൻസ് സ്ഥാപനങ്ങൾക്ക് മൊത്തം ₹20568 കോടിയുടെ വായ്പ മൈക്രോഫിനാൻസ് മേഖലയിൽ അനുവദിച്ചിട്ടുണ്ട്. മൈക്രോഫിനാൻസ് സ്ഥാപനങ്ങൾക്കുള്ള വായ്പാ-സാമ്പത്തിക പിന്തുണയ്ക്ക് അനുസൃതമായി ഈ സ്ഥാപനങ്ങളുടെ കാര്യക്ഷമത പരിപോഷിപ്പിക്കുന്നതോടൊപ്പം മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നത് ഉറപ്പു വരുത്തുന്ന വ്യവസ്ഥവഴി കോർപറേറ്റ് ഗവർണൻസ് സംസ്കാരം ഉരുത്തിരിഞ്ഞു വന്നിട്ടുണ്ട്. ദുർബലമായ തുടക്കത്തിൽ നിന്നും ഒരു സ്വതന്ത്ര മേഖലയായി തീരുന്നതുവരെ കൂടെ നിന്ന് സഹായിക്കുന്നുതുവഴി ഞങ്ങളുടെ പാർട്ട്ണർമാരായ 8 മൈക്രോഫിനാൻസ് സ്ഥാപനങ്ങൾ എസ്എഫ്ബി/ യൂനിവേഴ്സൽ ബാങ്കുകളായി ആയി മാറിക്കഴിഞ്ഞിട്ടുണ്ട്. അത്യന്തം ചെറിയ വായ്പകളുടെ കാര്യത്തിൽ നൂതനമായ ഒരു സംരംഭം, മാർക്കറ്റ് നിരക്കുകളേക്കൾ കുറഞ്ഞ പലിശ നിരക്കുകളിൽ ചെറിയ വായ്പകൾ സിഡ്ബിയിൽ നിന്ന് നേരിട്ട് (പാർട്ട്ണർഷിപ്പ് സംവിധാനം വഴി) ലഭ്യമാക്കുക എന്നതാണ്. 'പ്രയാസ്' എന്ന പേരിലറിയപ്പെടുന്ന ഈ പദ്ധതിയനുസരിച്ച് പാർട്ട്ണർഷിപ്പ് സംവിധാനം വഴി സിഡ്ബി, ഏറ്റവും താഴെതട്ടിലുള്ള, അത്യന്തം ചെറിയ വായ്പകൾ എടുക്കുവാനാഗ്രഹിക്കുന്നവർക്ക് മാർക്കറ്റ് നിരക്കുകളേക്കാൾ കുറഞ്ഞ പലിശ നിരക്കുകളിൽ ₹0.50 ലക്ഷംമുതൽ₹ 5ലക്ഷം വരെ വായ്പ നൽകുന്നതാണ്.

## ഇക്വിഫാക്സിനെക്കുറിച്ച്

ഇക്വിനോക്സ്, ബിസിനസ്സ് പരമായും വ്യക്തിപരമായും കൂടുതൽ വസ്തുതാപരമായ തീരുമാനങ്ങളെടുക്കാൻ സഹായിക്കുന്ന തരത്തിൽ അറിവുകളെ ഉൾക്കാഴ്ചകളാക്കി മാറ്റുക വഴി ലോകമെമ്പാടുമുള്ള സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഊർജ്ജം പ്രദാനം ചെയ്യാനായി വിശ്വസനീയവും വിശിഷ്ടവുമായ ഡാറ്റ, നൂതനമായ അപ്ഗ്രഥന രീതികൾ, സാങ്കേതികവിദ്യ, വ്യവസായങ്ങളിലെ വൈദഗ്ധ്യം എന്നിവ ഉപയോഗപ്പെടുത്തുന്ന ഒരു ഗ്ലോബൽ ഇൻഫൊർമേഷൻ സൊല്യൂഷൻ കമ്പനിയാണ്.

അറ്റ്ലാന്റ, ജിഎ ആസ്ഥാനമായ ഇക്വിഫാക്സ്, വടക്കെ അമേരിക്ക, മദ്ധ്യ-ദക്ഷിണ അമേരിക്ക, യൂറോപ്പ്, ഏഷ്യാ പെസിഫിക്ക് മേഖലയിലെ 24 രാജ്യങ്ങളിൽ പ്രവർത്തിക്കുന്നതോ ആ രാജ്യങ്ങളിൽ നിക്ഷേപങ്ങളുള്ളതോ ആണ്. ഈ സ്ഥാപനം സ്റ്റാൻഡേർഡ് ആന്റ് പുവറിന്റെ (എസ്&പി) 500® ഇൻഡക്സിൽ അംഗമാണ്. സ്ഥാപനത്തിന്റെ പൊതു സ്റ്റോക്കുകൾ ഇഎഫ്എക്സ് എന്ന അടയാളത്തിൽ ന്യൂയോർക്ക് സ്റ്റോക്ക് എക്സ്ചേഞ്ചിൽ ട്രേഡ് ചെയ്യപ്പെടുന്നതുമാണ്. ലോകത്തകമാനം ഇക്വിഫാക്സിന്റെ 11,000 ജീവനക്കാരുണ്ട്. ക്രെഡിറ്റ് വ്യവസായത്തിൽ 120 വർഷങ്ങളുടെപാരമ്പര്യവുമായി 2010ൽ ഇക്വിഫാക്സ് ഇന്ത്യൻ വിപണിയിൽ സാന്നിദ്ധ്യമറിയിക്കുകയും ഒരു സിഐസിയായി പ്രവർത്തിക്കാൻ റിസർവ് ബാങ്കിന്റെ ലൈസൻസ് കരസ്ഥമാക്കുകയും ചെയ്തു. കഴിഞ്ഞ 9 വർഷക്കാലം ഈ ക്രെഡിറ്റ് ബ്യൂറോയിൽ, ബാങ്കുകൾ, എൻബിഎഫ്സികൾ, മൈക്രോഫിനാൻസ് സ്ഥാപനങ്ങൾ, ഇൻഷൂറർമാർ എന്നിവരടങ്ങുന്ന 4000ലധികം അംഗങ്ങളുണ്ട്. ഈ അംഗങ്ങൾ ലക്ഷക്കണക്കിന് ഇന്ത്യൻ ഉപഭോക്താക്കളുടെ ജനസംഖ്യാപരവും വായ്പതിരിച്ചടക്കലും സംബന്ധിച്ച ഡാറ്റ ലഭ്യമാക്കുന്നു. 2014ൽ ഇക്വിഫാക്സ് ഒരു അനലിറ്റിക്കൽ കമ്പനിയെ ഏറ്റെടുത്തുകൊണ്ട് കൂടുതലായി ഭാരതത്തിൽ തങ്ങളുടെ കാല്പാടുകൾ പതിപ്പിച്ചിരിക്കുന്നു.ഇക്വിഫാക്സ് അനലിറ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ്, ബിസിനസ്സുകളുടെ ഗതിവിധികളേയും ഉപഭോക്താക്കളുടെ ജീവിതങ്ങളേയും സമൃദ്ധമാക്കുന്ന അതുല്യമായ അപഗ്രഥന വ്യാഖ്യാനങ്ങൾ നൽകുന്ന ഇക്വിഫാക്സിന്റെ പൂർണ്ണമായും ഉടമസ്ഥതയിലുള്ള ഭാരതത്തിലെ അനലിറ്റിക്കൽ സ്ഥാപനമാണ്.

### *ബാദ്ധ്യതാനിരാകരണം*

ഈ മൈക്രോഫിനാൻസ് പൾസ് റിപ്പോർട്ട് (ഈ റിപ്പോർട്ട്) ഇക്വിഫാക്സ് ക്രെഡിറ്റ് ഇൻഫൊർമേഷൻ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയതാണ്. ഈ റിപ്പോർട്ട് പരിശോധിക്കുകയും ഉപയോഗിക്കുകയും ചെയ്യുക വഴി ഉപയോക്താവ്, അത്തരം ഉപയോഗം ഈ ബാധ്യതാ നിരാകരണത്തിന് വിധേയമാണെന്ന് സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. ഈ റിപ്പോർട്ട്, ഡിസംബർ 2020 അനുസരിച്ച് ഗണ്യമായും ഇക്വിഫാക്സിലെ അംഗങ്ങളായ മൈക്രോഫിനാൻസ് സ്ഥാപനങ്ങൾ നൽകിയ വിവരങ്ങളുടെ ശേഖരം അടിസ്ഥാനപ്പെടുത്തി തയ്യാറാക്കപ്പെട്ടതാണ്.ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഇക്വിഫാക്സ് യുക്തിസഹമായ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടെങ്കിലും, മൈക്രോഫിനാൻസ് സ്ഥാപനങ്ങൾ നൽകിയ തെറ്റായതോ അപര്യാപ്തമായതോ ആയ വിവരങ്ങൾ കാരണം ഉണ്ടായേക്കാവുന്ന ഏതെങ്കിലും തെറ്റുകുറ്റങ്ങൾക്കോ വിവരങ്ങളുടെ സൂക്ഷ്മതയ്ക്കോ ഇക്വിഫാക്സ് ഉത്തരവാദിയാകുന്നതല്ല. കൂടാതെ, ഈ റിപ്പോർട്ടിലെ വിവരങ്ങളുടെ സൂക്ഷ്മതയെക്കുറിച്ചോ പൂർണ്ണതയെക്കുറിച്ചോ,ഏതെങ്കിലും നിർദ്ദിഷ്ട പ്രയോജനത്തിനായി ഇതിന്റെ ഔചിത്യത്തെക്കുറിച്ചോ ഇക്വിഫാക്സ് യാതൊരു ഉറപ്പും നൽകുന്നില്ല. മാത്രമല്ല, ആരെങ്കിലും ഈ റിപ്പോർട്ട് പരിശോധിക്കുകയോ ആശ്രയിക്കുകയോ ചെയ്യുന്നതിന് ഇക്വിഫാക്സ് ഉത്തരവാദിയാകുന്നതല്ല, ഇക്വിഫാക്സ് അത്തരം എല്ലാ ബാദ്ധ്യതകളേയും നിരാകരിക്കുന്നു. ഈ റിപ്പോർട്ട് (i) വായ്പ നൽകുന്നതിനോ നൽകാതിരിക്കുന്നതിനോ (ii)ബന്ധപ്പെട്ട വ്യക്തി/സ്ഥാപനവുമായി ഏതെങ്കിലും സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിനോ നടത്താതിരിക്കുന്നതിനോ വേണ്ടിയുള്ള ഏതെങ്കിലും അപേക്ഷയോ, ഉല്പന്നമോ, ശിപാർശയോ സ്വീകരിക്കുന്നതിനോ തള്ളുന്നതിനോ ഇക്വിഫാക്സ് നൽകുന്ന ശിപാർശ അല്ല. ഈ റിപ്പോർട്ടിലെ വിവരങ്ങൾ ഒരു ഉപദേശമല്ല; ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി ഏതെങ്കിലും തീരുമാനം കൈക്കൊള്ളുന്നതിനു മുമ്പ് ഇതിന്റെ ഉപയോക്താവ്, തന്റെ അഭിപ്രായത്തിൽ വിവേകപൂർണ്ണമായ വിശകലനം നടത്തേണ്ടതാണ്. ഈ റിപ്പോർട്ടിന്റെ ഉപയോഗം ക്രെഡിറ്റ് ഇൻഫോർമേഷൻ കമ്പനീസ് (റെഗുലേഷൻ) ആക്ട് 2005, ക്രെഡിറ്റ് ഇൻഫോർമേഷൻ കമ്പനീസ് റെഗുലേഷൻ 2006, ക്രെഡിറ്റ് ഇൻഫോർമേഷൻ കമ്പനീസ് റൂൾസ് 2006 എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമാണ്. മുൻകൂർ അനുമതി വാങ്ങാതെ ഈ റിപ്പോർട്ടിന്റെ യാതൊരു ഭാഗവും പകർത്താനോ, പ്രചരിപ്പിക്കാനോ, പ്രസിദ്ധീകരിക്കാനോ പാടുള്ളതല്ല.

## ബന്ധപ്പെടാനുള്ളവിവരങ്ങൾ


**ഇക്വിഫാക്സ് ക്രെഡിറ്റ് ഇൻഫൊർമേഷൻ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്**
യൂണിറ്റ് നമ്പർ 931, മൂന്നാം നില, ബിൽഡിംഗ് നമ്പർ 9,
സോളിറ്റയർ കോർപൊറേറ്റ് പാർക്ക്,
അന്ധേരി ഘാട്കോപ്പർ ലിങ്ക് റോഡ്, അന്ധേരി (ഈസ്റ്റ് )
മുംബൈ- 400 093

ടോൾഫ്രീനമ്പർ.: 1800 2093247 ecissupport@equifax.com

**സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് ബാങ്ക ഓഫ് ഇന്ത്യ**
സ്വാവലംബൻ ഭവൻ, പ്ലോട്ട് നമ്പർ സി-1, ജി ബ്ലോക്ക്,
ബാന്ദ്ര-കുർള കോംപ്ലക്സ്, ബാന്ദ്ര (ഈസ്റ്റ്)
മുംബൈ - 400 051മഹാരാഷ്ട്ര

ടോൾഫ്രീനമ്പർ: 1800 226753
www.sidbi.in/en



കോപ്പിറൈറ്റ് © 2021, ഇക്വിഫാക്സ് ഐഎൻസി, അറ്റ്ലാന്റ, ജോർജിയ. എല്ലാ അധികാരങ്ങളും സുരക്ഷിതം. ഇക്വിഫാക്സ്, ഇക്വിഫാക്സ് ഐഎൻസിയുടെ രജിസ്റ്റേർഡ് ട്രേഡ്മാർക്ക് ആകുന്നു.